Draft #4 of File 18508/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-May-2021 03:58 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എടത്വാ, സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ നടത്തപ്പെടുന്ന ബി.എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എകിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം 2021-2022 അധ്യയനവർഷം മുതൽ നിർ ത്തലാക്കിക്കൊണ്ട് ബി.എസ് സി ഇലക്ട്രോണിക്സ് ആൻഡ് കംപ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധനാ സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2350/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 08.05.2021

---

*പരാമർശം:*-1. എടത്വാ, സെന്റ് അലോഷ്യസ് കോളേജ് ഡി.ഡി.ഒ സമർപ്പിച്ചിട്ടുള്ള കത്ത് നമ്പർ SF/101/2020 തീയതി 16.03.2020.

2. 17.02.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗത്തിന്റെ ഇനം.നം.18508/ACA1-3/2020 ആയ ശിപാർശ.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജായ എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ 30 സീറ്റുകളോടുകൂടി നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എകിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം 2021-22 അധ്യയനവർഷം മുതൽ നിർത്തലാക്കി കൊണ്ട് ബി. എസ് സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം ആരംഭിക്കുന്നതിനായി ടി കോളേജ് ഡി.ഡി.ഒ. പരാമർശം (1) പ്രകാരം നിശ്ചിത ഫീസടച്ച് അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗം, എടത്വ സെന്റ് അലോഷ്യസ് കോളേജിൽ നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എകിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം 2021-22 അധ്യയനവർഷം മുതൽ നിർത്തലാക്കിക്കൊണ്ട് ബി. എസ് സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം ആക്കി മാറ്റുന്നതിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റംഗം), ഡോ.പ്രവീൺ എൻ. അസ്സോസിയേറ്റ് പ്രൊഫസർ, എൻ. എസ്.എസ് കോളേജ്, രാജകുമാരി (വിഷയ വിദഗ്ധൻ) എന്നിവരെ പരിശോധനാസമിതി ആയി നിയമിക്കാൻ ശുപാർശ ചെയ്തു.

ടി ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ്

10(17)പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് 27.04.2021 തീയ്യതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു.

കോളേജ് ഡി.ഡി.ഓ, പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസിനത്തിൽ 6300/- രൂപ ഓൺലൈനായി സർവകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും പെട്ടെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ പ്രത്യേക ശുപാർശകളോടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡി. ഡി. ഒ, സെന്റ് അലോഷ്യസ് കോളേജ് , എടത്വാ
2. ഡോ. ബി. കേരളവർമ്മ (സിൻഡിക്കേറ്റംഗം)
3. ഡോ.പ്രവീൺ എൻ. അസ്സോസിയേറ്റ് പ്രൊഫസർ, എൻ. എസ്. എസ്. കോളേജ് രാജകുമാരി
4.വി.സി/ പി.വി.സി എന്നിവരുടെ പി എസ്
5.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
6.എ സി സി 1 /എ സി സി 2 / എഡിബി 6/ ഓഡിറ്റ് 5
7.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ഐ.ക്യൂ .എ. സി
8.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 18508/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-May-2021 03:58 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം